ഗാന്ധിഭവൻ
സ്നേഹരാജ്യം

*ചീഫ്പേട്രൺ*
കെ. മുരളീധരൻ
ജീവകാരുണ്യകുടുംബം ആഗോളചെയർമാൻ

*മാനേജിംഗ് എഡിറ്റർ*
പുനലൂർസോമരാജൻ

*ചീഫ് എഡിറ്റർ*
പി. എസ്. അമൽരാജ്

*എഡിറ്റർ*
ഗോപിനാഥ് മഠത്തിൽ

*ജനറൽമാനേജർ*
വിജയൻ ആമ്പാടി

*ലീഗൽഅഡ്വൈസേഴ്സ്*
അഡ്വ. എൻ. സോമരാജൻ
അഡ്വ. കെ. എൻ. സത്യാനന്ദപണിക്കർ

*കവർഡിസൈൻ*
ലെനിൻജോയ്

*പേജ്ലേഔട്ട്*
ടിനു ഒറീത്തായിൽ

*ഇല്ല്യുസ്ട്രേഷൻ*
ചാൾസ്

*വിലാസം*
ഗാന്ധിഭവൻ സ്നേഹരാജ്യം
ഗാന്ധിജിനഗർ
കുണ്ടയം പി. ഒ., പത്തനാപുരം
കൊല്ലം - 689695
ഫോൺ : 9846038870
E-mail:sneharajyam@gmail.com
www.sneharajyam.com

ലേഖകരുടെ അഭിപ്രായങ്ങൾ
സ്നേഹരാജ്യത്തിന്റേതായിക്കൊള്ളണമെന്നില്ല,
അവയുടെ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും



# ഗാന്ധിസ്മരണയിൽ

**കെ. മുരളീധരൻ**



**ഗാ**ന്ധിജയന്തി ദിവസം, ഇവിടെ എന്റെ ഓഫീസിൽ ഇരുന്നപ്പോൾ, എന്റെ ബാല്യകാലവും, ഞാൻ സ്കൂളിൽ പഠിച്ചിരുന്ന കാലത്തെ ഗാന്ധിജയന്തി ദിനാചരണത്തിന്റെയും, സേവനവാരാചരണത്തിന്റെയും മധുരതരമായ ഓർമ്മകൾ മനസ്സിലൂടെ കടന്നുവന്നു.

ഗാന്ധിജയന്തി വിപുലമായ ഒരു ആഘോഷം അല്ലെങ്കിൽപ്പോലും അതു വന്നെത്തുവാൻ അന്നൊക്കെ ഞങ്ങളുടെ മനസ്സ് വെമ്പൽ കൊള്ളും. ഈ ഒരാഴ്ച്ചയിൽ വളരെക്കുറച്ച് ഹോംവർക്കുകളും, ക്ലാസ്സുകളും മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അതും ഉച്ചവരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഉച്ച ബെല്ലടിക്കുവാൻ ഞങ്ങൾ കാത്തിരിക്കും. ബെല്ലടികേട്ടാൽ ഉടൻ തന്നെ കൊണ്ടുവന്ന ഭക്ഷണം വേഗം കഴിച്ചിട്ട് എല്ലാവരും സ്കൂൾ മൈതാനത്തേക്കോടും. അവിടെ കുട്ടികളെല്ലാവരും ആർത്തുവിളിച്ച് സന്തോഷത്തോടെ എത്തിച്ചേരുന്നതു കാണാം. ഹെഡ്മാസ്റ്ററും മറ്റ് അദ്ധ്യാപകരും കുട്ടികളെ ഓരോ ബാച്ചായി തിരിക്കും. അവിടെ കൊണ്ടുവന്നിരിക്കുന്ന മൺവെട്ടി, തൂമ്പ, പിക്കാസ്, വെട്ടുകത്തി, കൊട്ട തുടങ്ങിയ പണിയായുധങ്ങൾ ഓരോന്നായി എടുത്ത് നേരെ സ്കൂളിന്റെ കോമ്പൗണ്ടിന്റെ പിറകിലുള്ള കാടുപിടിച്ച സ്ഥലത്തേക്ക് ആർത്തുവിളിച്ചുകൊണ്ട് ഓട്ടമാണ്. അവിടെയെത്തി ഉത്സാഹത്തോടെ കാടും പടലുമൊക്കെ വെട്ടി ഞങ്ങൾ ഒരുഭാഗത്ത് കൂട്ടിയിടും. പിന്നീട് നിശ്ചിത അളവിൽ കുഴികൾ വെട്ടി അതിൽ വാഴയുടെ തൈകളും പച്ചക്കറി തൈകളും നടാൻ തുടങ്ങും.

സന്ധ്യവരെ ഉത്സാഹപൂർവ്വം വെട്ടും കിളയും നടീലും നടക്കും. പോകാൻനേരം എല്ലാവരും ഒരുമിച്ചിരുന്ന് കപ്പയും, കരിപ്പട്ടിക്കാപ്പിയും കുടിക്കും. അടുത്ത ദിവസം ഉച്ചയാവാൻ കാത്തിരിക്കും. ആ ദിവസം സമൂഹത്തിലെ താഴേത്തട്ടിലുള്ളവരും പാവങ്ങളും തിങ്ങിപ്പാർക്കുന്ന കോളനികളിലേക്ക് പോകും. അവിടെ സൗജന്യ വസ്ത്രവിതരണവും, പരിസരശുചീകരണവും മറ്റും നടത്തും. അതിനടുത്ത ദിവസം ഗ്രാമത്തിലെ ചന്തയും പരിസരവും ശുചീകരിക്കും. അവിടുത്തെ പൊട്ടിപ്പൊളിഞ്ഞ കുണ്ടുംകുഴിയുമായ റോഡ് ഗതാഗതയോഗ്യമാക്കും. അങ്ങനെ ഒരാഴ്ച നീണ്ട സംഭവബഹുലമായ സേവനവാരാചരണത്തിൽ ഞങ്ങളും പങ്കാളികളാകും. രാഷ്ട്ര പുനർനിർമ്മാണ പ്രക്രിയക്ക് എളിയ വിദ്യാർത്ഥികളായ ഞങ്ങളുടെ പങ്കാളിത്തം ഈ ദിവസങ്ങളിൽ ദേശിയോദ്ഗ്രഥനത്തെക്കുറിച്ചും സാമൂഹ്യ ഐക്യദാർഢ്യത്തെക്കുറിച്ചും ഗാന്ധിയൻ തത്വശാസ്ത്രങ്ങളെക്കുറിച്ചും അദ്ധ്യാപകർ ക്ലാസ്സ് എടുത്തിരുന്നു. *(തുടർച്ച 14)*

(തുടർച്ച 5) അന്നൊന്നും മുകളിൽപറഞ്ഞ കാര്യങ്ങളുടെ അർത്ഥവും പൊരുളുമൊന്നും പിടികിട്ടിയിരുന്നില്ല. കുറേക്കാലങ്ങൾ കഴിഞ്ഞപ്പോഴാണ് ഗാന്ധിജയന്തി ദിനത്തിലും അന്ന് ഞങ്ങൾ ചെയ്തിരുന്ന സേവനപ്രവർത്തനത്തിന്റെ ഉത്കൃഷ്ഠതയും പൊരുളും മനസ്സിലായത്. അദ്ദേഹം ഈ രാഷ്ട്രത്തിനു വേണ്ടി ചെയ്ത ഉദാത്തമായ, മഹത്തരമായ പകരം വയ്ക്കുവാൻ കഴിയാത്ത സേവനങ്ങൾ, സംഭാവനകൾ ഒക്കെ.

ഭാരതത്തിന്റെ ഉയർത്തെഴുന്നേൽപ്പ്, വികസനം, ഐശ്വര്യം ഒക്കെ സ്വയംപര്യാപ്തത നിറഞ്ഞ ഗ്രാമങ്ങളിൽക്കൂടി മാത്രമേ സാധിക്കൂ എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഗാന്ധിജയന്തി ദിനത്തിൽ സ്കൂൾ അസംബ്ലിയിൽ ഞങ്ങൾ ഏറ്റു ചൊല്ലിയിരുന്ന പ്രതിജ്ഞ ഗാന്ധിജിയെ സ്മരിക്കാനും, അദ്ദേഹത്തിന്റെ മഹത്തരമായ സേവനങ്ങളെയും തത്വശാസ്ത്രത്തെയും ജീവിതത്തിൽ ഉൾക്കൊള്ളാനുമായിരുന്നു.

ഗാന്ധിജി കേവലം ഒരു രാഷ്ട്രീയനേതാവായിരുന്നില്ല. ജനകോടികളുടെ ഹൃദയങ്ങളിൽ സ്ഥാനം നേടിയ, അവരിൽ ഒരാളായി മാറിയ തന്റെ ജീവിതംകൊണ്ടും, കർമ്മം കൊണ്ടും ജനങ്ങളെ ഒരു മായാവലയത്തിലാക്കിയ അസാധാരണ നേതാവായിരുന്നു ഗാന്ധിജി. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനു കാരണഭൂതനായ വ്യക്തി ആരെന്നു ചോദിച്ചാൽ മഹാത്മാഗാന്ധിയല്ലാതെ മറ്റാരുമല്ല. കൃശഗാത്രനായ, അർദ്ധ നഗ്നനായ, പഴയ ഒരു കണ്ണടയും ധരിച്ച് ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിൽ മൂന്ന് വ്യാഴവട്ടക്കാലം അഹിംസയുടെയും അക്രമരാഹിത്യത്തിന്റെയും മന്ത്രം ഉരുവിട്ട് ഭാരതത്തിൽ അങ്ങോളമിങ്ങോളം നടന്ന ഒരു ജനനേതാവായിരുന്നു മഹാത്മാ ഗാന്ധി.

ഇന്നത്തെ നമ്മുടെ രാഷ്ട്രീയ നേതാക്കൾ അസംബ്ലിയും പാർലമെന്റും ബഹിഷ്കരിക്കുമ്പോൾ ഗാന്ധിജി ചെയ്തത് വിദേശവസ്തുക്കളെ ബഹിഷ്ക്കരിക്കുവാൻ ജനങ്ങളോട് ആഹ്വാനം ചെയ്യുകയും, ബ്രിട്ടീഷുകാർ ഉപ്പിനേർപ്പെടുത്തിയ നികുതിക്കെതിരായി 24 ദിവസം കൊണ്ട്, 241 മൈൽ നടന്ന് ദണ്ഡി കടപ്പുറത്തെത്തി നിയമ വിരുദ്ധമായി ഉപ്പുണ്ടാക്കുകയുമായിരുന്നു. ഗാന്ധിജിയുടെ ഓരോ പ്രവർത്തനങ്ങളും ജനലക്ഷങ്ങളെ പങ്കാളിയാക്കിക്കൊണ്ടും അവരുടെ ഹൃദയത്തിൽ ഉൾക്കൊണ്ടുമായിരുന്നു. വാക്കും, പ്രവൃത്തിയും ഒന്നായിതീരുന്ന വിശുദ്ധികൊണ്ടാണ് ജനലക്ഷങ്ങൾ അദ്ദേഹത്തിൽ ആകൃഷ്ടനായത്. ബ്രിട്ടീഷുകാർ പലപ്പോഴും ആശ്ചര്യപ്പെട്ടിട്ടുണ്ട് ഇത്രയുമധികം ജനങ്ങളെ ആകർഷിക്കുവാൻ ഈ സാധാരണക്കാരനായ വയോവൃദ്ധന് എങ്ങനെ കഴിയുന്നു എന്ന്. സമുന്നതങ്ങളായ അധികാര പദവികൾ വഹിക്കാതെ ജനസേവനം നടത്തുവാൻ സാധിക്കില്ല എന്ന് വിശ്വസിക്കുന്ന നേതാക്കളുടെ അതിപ്രസരമുള്ള ഈ വർത്തമാനകാലത്ത് ഒരു സ്ഥാനപ്പേരും, പദവിയും, അധികാരവും, അലങ്കാരവും ഇല്ലാതിരുന്ന, ലാളിത്യത്തിന്റെ നിറകുടമായി ഒറ്റമുണ്ടും ധരിച്ച് ജനലക്ഷങ്ങളുടെ കണ്ണീരൊപ്പാനായി അവരെ നെഞ്ചോട് ചേർത്ത് സാന്ത്വനിപ്പിച്ച് ഗ്രാമങ്ങളിലൂടെ കടന്നുപോയ ആ വിശുദ്ധരൂപത്തെയാണ് രവീന്ദ്രനാഥ ടാഗോർ 'മഹാത്മ' എന്നു വിളിച്ചത്. തികഞ്ഞ ഈശ്വരവിശ്വസിയായിരുന്നു മഹാത്മാഗാന്ധി. എല്ലാ മതങ്ങളുടെയും അത്യന്തികമായ ലക്ഷ്യം ഈശ്വര സാഷാത്കാരമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. തന്നെ ഏറ്റവും അധികം സ്വാധീനിച്ച പരിശുദ്ധമായ ഭഗവത് ഗീതക്ക് അദ്ദേഹം ഭാഷ്യം ചമച്ചിട്ടുണ്ട്.

നിത്യവും ബൈബിളും, ഖുർആനും, ഭഗവത്ഗീതയും അദ്ദേഹം പാരായണം ചെയ്തിരുന്നത് എല്ലാ മതങ്ങളോടുമുള്ള അദ്ദേഹത്തിന്റെ ഉന്നതമായ ആദരവാണ് കാണിക്കുന്നത്. സത്യവും അഹിംസയും അദ്ദേഹത്തിന് പ്രാണവായുപോലെ ആയിരുന്നു. ഇന്ന് ഗാന്ധിജയന്തി ദിനത്തിൽ മാത്രം ആ ആത്മാവിനെ സ്മരിക്കുകയും ഔപചാരികമായ ചടങ്ങുകൾ നടത്തുകയും ചെയ്തുവരുന്നു. ഇന്നത്തെ പുതിയ തലമുറ ഈ മഹാത്മാവിനെ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ എന്ന് സംശയമാണ്. ഈ മഹാത്മാവിനെപ്പോലും വിമർശിക്കുന്നവർ ഇന്ത്യയിൽ ഉണ്ടെന്നുള്ളത് ദുഃഖകരമായ കാര്യമാണ്. അഹിംസയുടെ തത്വശാസ്ത്രവും ദാർശനിക ഭാവവും അഹിംസ എന്ന പേര് സൂചിപ്പിക്കുന്നതുപോലെ നിസ്സാരമല്ല. ഭാരതത്തിന്റെ ഋഷികൾ അനുഷ്ഠിച്ചിരുന്ന ആത്മത്യാഗവും വിശുദ്ധ റംസാൻ മാസത്തിലെ വ്രതാനുഷ്ഠാനം പോലെ ആത്മനിയന്ത്രണമാണ് അതിന്റെ അന്തഃസത്ത. വൈദേശിക കച്ചവട സംസ്കാരത്തിന്റെ പിന്നാലെ പോകുന്ന നമ്മളിൽ പലർക്കും ഈ ആത്മത്യാഗവും സ്വയംസമർപ്പണവും ഉൾക്കൊള്ളാൻ ബുദ്ധിമുട്ടാണ്. മാത്സര്യത്തിന്റെയും അഭിനവ ജീവിതശൈലിയുടെയും പിന്നാലെ പായുന്ന സമകാലീനസമൂഹത്തിന് ഒരു പക്ഷേ, ഗാന്ധിജിയുടെ ഈ അഹിംസാ സിദ്ധാന്തവും അതീവ ലാളിത്യവും അപ്രസക്തമായി തോന്നിയേക്കാം. ഇന്നത്തെ ഇന്ത്യയുടെ സാംസ്കാരിക ധാർമ്മിക പാപ്പരത്വത്തിൽ നിന്നും മൂല്യച്യുതിയിൽനിന്നും വിമോചനം ഉണ്ടാകണമെങ്കിൽ നന്മനിറഞ്ഞ, ബൗദ്ധിക മേന്മയുള്ള, ധാർമ്മികതയുള്ള ഒരു നേതൃത്വം ഉണ്ടായേ മതിയാകൂ.

**ഇന്നത്തെ നമ്മുടെ രാഷ്ട്രീയ നേതാക്കൾ അസംബ്ലിയും പാർലമെന്റും ബഹിഷ്കരിക്കുമ്പോൾ ഗാന്ധിജി ചെയ്തത് വിദേശവസ്തുക്കളെ ബഹിഷ്ക്കരിക്കുവാൻ ജനങ്ങളോട് ആഹ്വാനം ചെയ്യുകയും, ബ്രിട്ടീഷുകാർ ഉപ്പിനേർപ്പെടുത്തിയ നികുതിക്കെതിരായി 24 ദിവസം കൊണ്ട്, 241 മൈൽ നടന്ന് ദണ്ഡി കടപ്പുറത്തെത്തി നിയമവിരുദ്ധമായി ഉപ്പുണ്ടാക്കുകയുമായിരുന്നു. ഗാന്ധിജിയുടെ ഓരോ പ്രവർത്തനങ്ങളും ജനലക്ഷങ്ങളെ പങ്കാളിയാക്കിക്കൊണ്ടും അവരുടെ ഹൃദയത്തിൽ ഉൾക്കൊണ്ടുമായിരുന്നു.**




വരയരങ്ങും ചിരിയരങ്ങും
SUPER-SPEEDY TOON SHOW
അവതരണം
കാർട്ടൂണിസ്റ്റ്. എസ്. ജിതേഷ്
മുൻകൂർ ബുക്കിംഗിന് : 9447740749